# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 18, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി**

**<u>വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാത്രികോണം</u>**

*331 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം പൂർത്തിയാവുന്നതോടെ തീരത്തെത്തുന്ന കൂറ്റൻ മദർ വെസലുകളുടെയും വൻകിട കപ്പലുകളുടെയും അറ്റകുറ്റപ്പണികൾക്കായി സൗകര്യമൊരുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്ര ഫിഷിംഗ് മന്ത്രാലയവും കൊച്ചിൻ ഷിപ്പ്‌യാർഡും നടത്തിയ പഠനങ്ങളിൽ പൂവാർ തീരം കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിരുന്നുവോ; വ്യക്തമാക്കുമോ;

(സി) വിഴിഞ്ഞം പ്രധാന കയറ്റിറക്കുമതി തുറമുഖമാക്കുന്നതും അതിന് അനുബന്ധമായി വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാത്രികോണം വികസിപ്പിക്കുന്നതും സംസ്ഥാനത്തിന്റെ സാമ്പത്തിക-വ്യാവസായിക വളർച്ചയ്ക്ക് എത്രത്തോളം സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(ഡി) ലോജിസ്റ്റിക്സ്, മിനി ലോജിസ്റ്റിക്സ് പാർക്കുകളുടെ ഒരു ലോജിസ്റ്റിക്സ് ടൗൺഷിപ്പ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**<u>കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക പ്രതിസന്ധി</u>**

*332 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എ. കെ. എം. അഷ്‌റഫ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറത്തു നിന്നും വാങ്ങുന്ന വൈദ്യുതിയുടെ വില ക്രമാതീതമായി ഉയരുന്നതിനാൽ കെ.എസ്.ഇ.ബി. സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനായി സ്വകാര്യ മൂലധന നിക്ഷേപം സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇരുപത്തിയഞ്ച് മെഗാവാട്ടിനു താഴെയുള്ള ജലവൈദ്യുത പദ്ധതികളുടെ നടത്തിപ്പിൽ നിന്നും പൂർണ്ണമായും പിൻമാറാൻ ആലോചിക്കുന്നുണ്ടോ; ഈ മേഖലയിൽ കൂടുതൽ സ്വകാര്യ കമ്പനികളെ ആകർഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## സംസ്ഥാന ധനകാര്യ മാനേജ്‌മെന്റ്

*333 **ശ്രീ മാത്യു ടി. തോമസ്**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യവും സംസ്ഥാനവും നേരിട്ട എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് കേരളം സാമ്പത്തിക സുസ്ഥിരത കൈവരിക്കുവാൻ ഇടയായ സാമ്പത്തിക മാനേജ്‌മെന്റ് വൈദഗ്ധ്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ കടബാധ്യത കുറച്ചു കൊണ്ടുവരുന്നതിനും പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## റവന്യൂ കമ്മിയിലെ വർദ്ധനവ്

*334 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടുവെന്ന് അവകാശപ്പെടുമ്പോഴും സാമ്പത്തിക അച്ചടക്കത്തിന്റെ സുപ്രധാന ധനസൂചികയായ റവന്യൂ കമ്മി - ജി.എസ്.ഡി.പി അനുപാതം 2023-24-ലെ 1.58 ശതമാനത്തിൽ നിന്നും 2024-25-ൽ 2.29 ശതമാനമായി ഉയർന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ റവന്യൂ കമ്മി മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധിക്കാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ റവന്യൂ കമ്മി കുറച്ചു കൊണ്ടുവരാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

**<u>കേരള ബാങ്കിന്റെ നൂതന പദ്ധതികൾ</u>**

*335 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**

**ശ്രീ കെ യു ജനീഷ് കുമാർ**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാങ്കുകൾക്ക് നബാർഡ് നൽകുന്ന ഗ്രേഡിംഗ് നില ഉയർത്തുന്നതിന് കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രവർത്തനം മെച്ചപ്പെടുത്തി ഗ്രേഡിംഗ് നില ഉയർത്തുന്നതിന് കേരള ബാങ്ക് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(സി) ആർ.ബി.ഐ.-ൽ നിന്നും എൻ.ആർ.ഐ. ബാങ്കിംഗ് ലൈസൻസ്, ഇന്റർനെറ്റ്/ തേർഡ് പാർട്ടി ബിസിനസ് ലൈസൻസ് നേടുന്നത് ലക്ഷ്യമിട്ട് നടപ്പാക്കുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(ഡി) ബാങ്കിംഗ് രംഗത്ത് കേരള ബാങ്ക് നടപ്പാക്കുവാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ വിശദീകരിക്കുമോ?

**<u>പുതുതലമുറ വ്യവസായങ്ങളുടെ പ്രോത്സാഹനം</u>**

*336 **ശ്രീ. കെ. എം. സച്ചിൻദേവ്**

**ശ്രീ. കെ. ബാബു (നെന്മാറ)**

**ശ്രീ. എം.വിജിൻ**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതലമുറ വ്യവസായങ്ങളുടെ സ്ഥാപനത്തിനും പ്രോത്സാഹനത്തിനുമായി സ്വീകരിച്ചു വരുന്ന നയപരിപാടികൾ വിശദമാക്കുമോ;

(ബി) ഈ മേഖലയിൽ സംസ്ഥാനത്തിന് എത്രത്തോളം പുരോഗതി നേടാനായി എന്നതു വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഗ്രാഫീന്റെ ഉൽപ്പാദനത്തിനും വികസനത്തിനുമായി നടപ്പാക്കുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ഡി) പുതുതലമുറ വ്യവസായ സംരംഭങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി ജെൻ എ.ഐ. കോൺക്ലേവ്, ഇന്റർനാഷണൽ റോബോട്ടിക് റൗണ്ട് ടേബിൾ കോൺഫറൻസ് എന്നിവ സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടി</u>**

*337 **ശ്രീമതി സി. കെ. ആശ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ നിക്ഷേപക സൗഹൃദ ഘടന ശക്തിപ്പെടുത്തുന്നതിനായി ആഗോള നിക്ഷേപകരെയും ഈ മേഖലയിലെ വിദഗ്ധരെയും നയരൂപീകരണ വിദഗ്ധരെയും ഒരുമിച്ച് കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയിലൂടെ സംസ്ഥാനത്തിന്റെ വ്യാവസായികരംഗത്ത് വൻകിട നിക്ഷേപങ്ങൾ കടന്നുവരാൻ സാഹചര്യം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഉച്ചകോടിയിലെ തീരുമാനങ്ങളും ധാരണകളും സമയബന്ധിതമായി നടപ്പിലാക്കുവാൻ വ്യക്തമായ ഘടനയുള്ള സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നിക്ഷേപ സൗഹൃദ സൂചികയിൽ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ട പരിഷ്കാരങ്ങളിൽ 99 ശതമാനവും കേരളം പൂർത്തിയാക്കിയിട്ടുണ്ടോ; ഏറ്റവും എളുപ്പത്തിൽ വ്യവസായം ആരംഭിക്കുന്നതിന് നിയമപരവും സാങ്കേതികവുമായ പിൻബലമൊരുക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്രവികസനം</u>

*338 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി ദലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്നതിനും അതിലൂടെ പ്രസ്തുത സ്ഥാപനങ്ങളുടെ ഉന്നമനം ലക്ഷ്യമിടുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനുമായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ഏതെല്ലാം ശിപാർശകൾ അംഗീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യത്തിൽ കവിഞ്ഞുള്ള ഭൂമി വ്യവസായ വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## <u>വൈദ്യുത മേഖല സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം</u>

*339 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. എം. എം. മണി**

**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വൈദ്യുത മേഖല സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ പൊതുജനങ്ങളും ഈ മേഖലയിലെ ജീവനക്കാരും പ്രതിഷേധത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ പ്രവർത്തനങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ള നീക്കങ്ങളാണ് നടക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത നയങ്ങളുടെ തുടർച്ചയായി വൈദ്യുതി ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ സാധ്യതയുണ്ടോ; വിശദാക്കാമോ;

(സി) ആത്മനിർഭർ ഭാരത് അഭിയാന്റെ ഭാഗമായി കൊണ്ടുവന്നിട്ടുള്ള നയങ്ങൾ രാജ്യത്തിന്റെ ഊർജ്ജ സുരക്ഷയെത്തന്നെ ബാധിക്കുന്ന സാഹചര്യത്തിൽ മറ്റു സംസ്ഥാനങ്ങളോടൊപ്പം ചേർന്ന് ഇതിനെതിരെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കുമോ?

## <u>അനെർട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ</u>

*340 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജോൽപാദനം, ഊർജ്ജ സംരക്ഷണം എന്നീ രംഗങ്ങളിൽ സുസ്ഥിര മാതൃകകൾ അവതരിപ്പിക്കുന്നതിനും വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും അനെർട്ടിനു കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഉപയോഗിക്കുന്ന സാങ്കേതികവിദ്യകൾ നവീകരിക്കുന്നതിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് അനെർട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(സി) ഈ രംഗത്ത് അനെർട്ടിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന ഗവേഷണ-വികസന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>ആഗോള നിക്ഷേപക ഉച്ചകോടി</u>

*341 **ശ്രീ. എ. രാജ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നിക്ഷേപ സമാഹരണ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ ആഗോള നിക്ഷേപക ഉച്ചകോടി വിജയകരമായിരുന്നോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഉച്ചകോടിയിലൂടെ ലഭിച്ച നിക്ഷേപ താൽപര്യപത്രങ്ങളുടെ വിലയിരുത്തൽ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) നിക്ഷേപ താൽപര്യപത്രങ്ങളെ നിക്ഷേപങ്ങളാക്കി മാറ്റുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കുമോ; ഇതിനായി പ്രത്യേക ഡാഷ്ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## പദ്ധതി നിർവഹണത്തിലെ പുരോഗതിയില്ലായ്മ

*342 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം അവസാനിക്കാൻ ദിവസങ്ങൾ മാത്രം ബാക്കിയിരിക്കെ സംസ്ഥാനത്തിന്റെ പദ്ധതി നിർവഹണത്തിന്റെ പുരോഗതി മുൻകാലങ്ങളെ അപേക്ഷിച്ച് ഏറെ പിന്നിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന പ്ലാനിങ് ബോർഡിന്റെ വെബ്സൈറ്റ് പ്രകാരം സംസ്ഥാനത്തിന്റെ പദ്ധതി നിർവഹണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണവും കേന്ദ്ര ഫണ്ടിന്റെ ചെലവിലും മുൻകാലങ്ങളെ അപേക്ഷിച്ച് ഏറെ പിന്നിലാകാനുണ്ടായ കാരണം വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ പദ്ധതി അടങ്കലിൽ അൻപത് ശതമാനം വെട്ടിക്കുറച്ചിട്ടും പദ്ധതി നിർവഹണത്തിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനുള്ള കാരണം വിശദമാക്കുമോ?

## സഹകരണ മേഖലയുടെ വികസനം

*343 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പ്രസ്ഥാനത്തെ ആഗോളതലത്തിൽ അടയാളപ്പെടുത്തുന്ന രീതിയിൽ മികച്ച സഹകരണ സംഘങ്ങളെ ഉയർത്തിക്കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) സൈബർ ഫിസിക്കൽ സിസ്റ്റംസ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, നെറ്റ്‌വർക്ക് മുതലായ നാലാംതലമുറ വ്യവസായങ്ങൾ യുവാക്കളുടെ സ്റ്റാർട്ടപ്പ് സഹകരണ സംഘങ്ങളിലൂടെ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ സഹകരണമേഖലയുടെ സംഭാവന സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തുകയും സഹകരണ മേഖലയുടെ പ്രാധാന്യം

നയരൂപവത്കരണ തലത്തിലേക്ക് ഉയർത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) കേരള ബാങ്കും പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങളും തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നതിനും ഇതരവിഭാഗം സഹകരണ സംഘങ്ങളുടെ വളർച്ചയ്ക്കാവശ്യമായ പിന്തുണ കേരള ബാങ്കിൽ നിന്നും നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ചെറുകിട-ഇടത്തരം തുറമുഖങ്ങളുടെ വികസനം</u>**

*344 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം പൂർണ്ണമായും സജ്ജമാകുന്നതോടെ ചരക്കുനീക്കത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി ചെറുകിട-ഇടത്തരം തുറമുഖങ്ങൾ വികസിപ്പിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം തുറമുഖങ്ങളാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

**<u>വിജ്ഞാന വ്യവസായത്തിൽ കേരളത്തിന്റെ സാധ്യതകൾ</u>**

*345 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ ആഗോളവൽക്കരണ കാലഘട്ടത്തിൽ നവീകരണം തുടർച്ചയായ ശ്രദ്ധ അർഹിക്കുന്ന ഒരു പ്രധാന വിഷയമായി തുടരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ലോകത്തെയാകെ ചലിപ്പിക്കാൻ കഴിയുന്ന ആശയങ്ങളുള്ള പുതിയ തലമുറ കേരളത്തിന് സ്വന്തമായുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന വ്യവസായ ഇടനാഴി, വ്യവസായ പാർക്കുകൾ എന്നിവയിൽ വിജ്ഞാന വ്യവസായത്തിൽ കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ വന്നശേഷം വിജ്ഞാന വ്യവസായം ഉൾപ്പെടെയുള്ള വ്യവസായ നിക്ഷേപത്തിന്റെ കാര്യത്തിൽ നാളിതുവരെ ഉണ്ടാകാത്തവിധം വളർച്ചയുണ്ടായിട്ടുണ്ടോ; കൂടുതൽ വ്യവസായ നിക്ഷേപം ആകർഷിക്കാനായി സർക്കാരിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള സ്ഥലം ഉപയോഗപ്പെടുത്തിയുള്ള പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## കശുവണ്ടി വ്യവസായ മേഖലയിൽ സമഗ്ര പുനരുദ്ധാരണ പദ്ധതി

*346 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ എം നൗഷാദ്**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീമതി യു പ്രതിഭ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമഗ്ര പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ മേഖലയിൽ തൊഴിൽ നഷ്ടപ്പെടാതെ ആധുനികവൽക്കരണം സാധ്യമാക്കുന്നതിനും വൈവിധ്യവൽക്കരണത്തിലൂടെ ഉൽപ്പന്നങ്ങളെ മാർക്കറ്റ് ചെയ്യുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ ഫലവത്താകുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ മേഖലയിലെ സ്വകാര്യ സംരംഭങ്ങളുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## കടൽത്തീര ഖനനത്തിലൂടെ സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം

*347 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടൽത്തീരങ്ങളിൽ ഖനനം നടത്തുമ്പോൾ സംസ്ഥാനത്തിന് ഏതെല്ലാം രീതിയിൽ വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിലൂടെ കേന്ദ്ര സർക്കാരിന് ലഭിക്കുന്ന വരുമാനത്തിന്റെ വിഹിതത്തിന് സംസ്ഥാനത്തിന് അർഹതയുണ്ടോ; വ്യക്തമാക്കുമോ;

(സി) ഖനനത്തിലൂടെ ലഭിക്കുന്ന മണൽ വിൽപനയിൽ, ജി.എസ്.ടി. ഇനത്തിൽ സംസ്ഥാനത്തിന് വരുമാനം ലഭിക്കാൻ സാധ്യതയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കുടിശിക

*348 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ സംസ്ഥാന വിഹിതം ഏകപക്ഷീയമായി ഉയർത്തിയതുമൂലമുണ്ടായിട്ടുള്ള അധിക ബാധ്യതകൾക്കിടയിലും ഈ പദ്ധതികളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) തൊഴിലുറപ്പ്, സുസ്ഥിര വികസന പദ്ധതികൾ, മാലിന്യ നിർമ്മാർജനം തുടങ്ങിയ ദേശീയ സാമ്പത്തിക സർവേ പ്രകാരം സംസ്ഥാനം മുൻനിരയിൽ നിൽക്കുന്ന മേഖലകൾക്കായുള്ള ബജറ്റ് തുകയിൽ വെട്ടിക്കുറവ് വരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ വരുത്തിയിട്ടുള്ള കുടിശിക എത്രയാണ്; വിശദമാക്കുമോ;

(ഡി) ദേശീയ ആരോഗ്യദൗത്യവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ കുടിശിക വരുത്തിയിട്ടുള്ളത് എത്രയാണ്; സംസ്ഥാനത്തിനർഹമായ തുകകൾ നേടിയെടുക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കുമോ?

## കേരളത്തിന്റെ വൈദ്യുതി ആവശ്യകത

*349 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം എന്ന ബഹുമതി കേരളം സ്വായത്തമാക്കിയിട്ടുണ്ടോ; തനതു പദ്ധതികളും, ട്രാൻസ്ഗ്രിഡ് പദ്ധതിയും നടപ്പിലാക്കിയത് വഴി കഴിഞ്ഞ എട്ടര വർഷക്കാലം കൊണ്ട് വൈദ്യുതി പ്രസരണരംഗത്തു കേരളം വളരെയേറെ മുന്നേറിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വരാനിരിക്കുന്ന വേനൽക്കാലം പരിഗണിച്ച് കേരളത്തിന്റെ വൈദ്യുതി ആവശ്യകത നേരിടുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടോ; വേനൽക്കാലത്തുൾപ്പെടെ വൈദ്യുതി ആവശ്യകത നിറവേറ്റാൻ പര്യാപ്തമായ വിധം വൈദ്യുതി കരാറുകളിൽ ഏർപ്പെടാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ പരമാവധി ആശ്രയിച്ചും ജലവൈദ്യുത പദ്ധതികളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും പര്യാപ്തമായ ഊർജ്ജ ലഭ്യത ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സ്വാപ്പിംഗ് സാങ്കേതിക വിദ്യയിലൂന്നിയ വൈദ്യുതവാഹന നയമടക്കം ഊർജ്ജ വിതരണ ശൃംഖലയുടെ സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള ഇടപെടലുകൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനം

*350 **ശ്രീ വി ജോയി**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ എം നൗഷാദ്**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനങ്ങൾക്കായി എത്ര കോടിയുടെ നിക്ഷേപമാണ് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് നടത്താൻ നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളിൽ എന്തെല്ലാം പദ്ധതികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) തുറമുഖത്തിന്റെ നിലവിലെ കണ്ടെയ്നർ കൈകാര്യശേഷി എത്രയാണെന്നും, രണ്ടാംഘട്ട പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ എത്ര കണ്ടെയ്നർ ശേഷി കൈവരിക്കാൻ കഴിയുമെന്നും അറിയിക്കുമോ;

(ഡി) ടെർമിനൽ തുറക്കുന്നത് സംസ്ഥാനത്തെ ടൂറിസം വികസന മേഖലയ്ക്കുകൂടി ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ?

## സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി

*351 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ;

(ബി) സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കണമെന്ന കേന്ദ്ര നിർദ്ദേശം ഉപഭോക്താക്കൾക്ക് അധിക ഭാരം ഉണ്ടാക്കാതിരിക്കുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## സംരംഭക സഹായ പദ്ധതി

*352 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക സഹായ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായ 58.5 കോടി രൂപയിൽ പകുതി മാത്രമേ നാളിതുവരെ അപേക്ഷകർക്ക് അനുവദിച്ചിട്ടുള്ളൂ എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) അനുമതി നൽകിയ അപേക്ഷകൾക്ക് തുക നൽകാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ?

## എം.എസ്.എം.ഇ.കൾക്കായി സ്പെഷ്യൽ പാക്കേജുകൾ

*353 **ശ്രീമതി കെ. കെ. രമ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എസ്.എം.ഇ.കൾക്ക് സംസ്ഥാന സർക്കാർ സ്പെഷ്യൽ പാക്കേജുകൾ പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാക്കേജുകളുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം പതിനെട്ട് കോടിയോളം രൂപ വകയിരുത്തിയിരുന്നോ എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത തുകയിൽ പത്തു ശതമാനംപോലും നാളിതുവരെ ചെലവഴിച്ചിട്ടില്ല എന്നത് വസ്തുതയാണോ; എങ്കിൽ കാരണം വിശദമാക്കുമോ?

## സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച

*354 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ പ്രതിശീർഷ വരുമാനത്തിനിടയിലും മികച്ച സാമൂഹ്യ പുരോഗതി നേടാനായതിനാലാണ് മുൻകാലങ്ങളിൽ സംസ്ഥാനം പ്രസിദ്ധി നേടിയതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്നാൽ ഇന്ന് കേരളത്തെ പ്രസിദ്ധമാക്കുന്നത് ദ്രുതഗതിയിലുള്ള സാമ്പത്തിക വികാസവും വരുമാനാർജ്ജനവുമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; ഏറ്റവും ഉയർന്ന പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഏഴാം സ്ഥാനം കൈവരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലേക്കും വികസന നേട്ടങ്ങൾ എത്തിച്ചേരുന്ന സാമ്പത്തിക വളർച്ചാ പ്രക്രിയ കേരളത്തിലുണ്ടായിട്ടുണ്ടോ; ഇത് ഉൽപ്പാദന മേഖലകളെ അടിസ്ഥാനമാക്കിയ പുതിയ വളർച്ചാ ഘട്ടത്തിലേക്കുള്ള കുതിച്ചുചാട്ടത്തിന് വഴിയൊരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഉൽപ്പാദന മേഖലകളുടെ അവികസിത അവസ്ഥയിലേക്ക് നയിക്കുന്ന ഘടകങ്ങളെ അഭിസംബോധന ചെയ്യുന്നതിനും സാമ്പത്തിക തന്ത്രത്തെ ജനങ്ങളുടെയും സമൂഹത്തിന്റെയും ഭാവി ആവശ്യങ്ങളുമായി സംയോജിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വിഴിഞ്ഞം തുറമുഖത്തെ ഇന്റഗ്രേറ്റഡ് ലോജിസ്റ്റിക് ഹബ്ബാക്കാൻ നടപടി

*355 **ശ്രീ ഡി കെ മുരളി**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ. ആൻസലൻ**

**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ഒരു ഇന്റഗ്രേറ്റഡ് ലോജിസ്റ്റിക് ഹബ്ബായി ഉയർത്തിക്കൊണ്ടു വരുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) തുറമുഖരംഗത്ത് ദീർഘവീക്ഷണത്തോടുകൂടി നടപ്പാക്കി വരുന്ന വികസന പ്രവർത്തനങ്ങൾ ഈ രംഗത്ത് നിക്ഷേപ സമാഹരണം ത്വരിതപ്പെടുത്തുന്നതിന് സഹായകമായിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) വിഴിഞ്ഞം തുറമുഖം ചെറുകിട സംരംഭകർക്കായി മുന്നോട്ടുവയ്ക്കുന്ന നിക്ഷേപ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ക്രൂ മാനേജ്മെന്റ്, ബങ്കർ സപ്ലൈ, ബങ്കർ സർവ്വേ, ഡ്രാഫ്റ്റ് സർവ്വേയർ തുടങ്ങിയ തുറമുഖാധിഷ്ഠിത പ്രൊഫഷണൽ സേവനങ്ങൾ നൽകുന്ന സംരംഭകരെ വിഴിഞ്ഞം തുറമുഖത്തേക്ക് ആകർഷിക്കുന്നതിനായി പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

**തിരുവനന്തപുരത്തെ രാജ്യത്തിന്റെ ഓട്ടോമോട്ടീവ് വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റാൻ നടപടി**

*356 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ രാജ്യത്തിന്റെ ഓട്ടോമോട്ടീവ് വ്യവസായ ഹബ്ബാക്കി മാറ്റുന്നതിനനുയോജ്യമായ നയപരിപാടികൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഓട്ടോമോട്ടീവ് വ്യവസായ ഹബ്ബാക്കി മാറ്റുന്നതിനനുയോജ്യമായ ഏതെല്ലാം ഘടകങ്ങൾ തലസ്ഥാനത്തിനുണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) നിലവിൽ ഈ രംഗത്ത് നിക്ഷേപസമാഹരണം നടത്താൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇലക്ട്രിക് വാഹന നയത്തിനനുസൃതമായി സുരക്ഷിത നിക്ഷേപത്തിനും വ്യവസായ സഹകരണത്തിനുമായി നടപ്പാക്കിയിട്ടുള്ള നിക്ഷേപക സൗഹൃദ പരിപാടികൾ വിശദീകരിക്കുമോ?

**ധനക്കമ്മി കുറയ്ക്കുന്നതിന് നടപടി**

*357 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ സുപ്രധാന സൂചികയായ ധനക്കമ്മി - ജി.എസ്.ഡി.പി. അനുപാതം 2023-24-ലെ 2.99 ശതമാനത്തിൽ നിന്നും 2024-25 (ആർ.ഇ.)-ൽ 3.51 ശതമാനമായി ഉയർന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എഫ്.ആർ.ബി.എം. നിയമപ്രകാരം ധനക്കമ്മി - ജി.എസ്.ഡി.പി. അനുപാതം മൂന്ന് ശതമാനത്തിൽ താഴെ കൊണ്ടുവരാൻ സംസ്ഥാനം നടപടികൾ സ്വീകരിക്കണമെന്നിരിക്കെ ധനക്കമ്മി മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധിക്കാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ ധനക്കമ്മി കുറച്ചു കൊണ്ടുവരാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## <u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തന പുരോഗതി</u>

*358 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ വി ജോയി**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ച ശേഷമുള്ള വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിഴിഞ്ഞം തുറമുഖത്ത് ആകെ കൈകാര്യം ചെയ്ത ചരക്ക് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ട്രയൽ റൺ ആരംഭിച്ച ശേഷവും വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ച ശേഷവും തുറമുഖത്തിന്റെ ഉൽപ്പാദനക്ഷമത ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) കൈകാര്യം ചെയ്ത കണ്ടെയ്നറുകളുടെ എണ്ണത്തിൽ തെക്ക്-കിഴക്ക് മേഖലകളിൽ ഒന്നാമതെത്തുവാൻ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ?

## <u>പവർ ഫിനാൻസ് കോർപ്പറേഷൻ റാങ്കിംഗ്</u>

*359 **ശ്രീ. പി.പി. സുമോദ്**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിൽ സർക്കാർ നടത്തിയിട്ടുള്ള പരിഷ്കാരങ്ങളുടെ ഫലമായി കെ.എസ്.ഇ.ബി-യ്ക്ക് പവർ ഫിനാൻസ് കോർപ്പറേഷൻ റാങ്കിംഗിൽ നേട്ടമുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സാമ്പത്തിക സുസ്ഥിരത വിഭാഗത്തിൽ കെ.എസ്.ഇ.ബി.യുടെ റാങ്കിംഗ് എത്രയാണ്; ഈയിനത്തിൽ നേട്ടമുണ്ടാക്കുവാൻ കഴിയാത്തതിനുള്ള കാരണമെന്താണ്; വിശദമാക്കുമോ;

(സി) വൈദ്യുതി വിതരണം ഏറ്റെടുത്ത സർക്കാർ വകുപ്പുകളുടെ വിഭാഗത്തിൽ പ്രസ്തുത റാങ്കിംഗിൽ സംസ്ഥാനത്തിനുണ്ടായ നേട്ടത്തെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

**<u>വേനൽക്കാലത്തെ അധിക വൈദ്യുതി ഉപഭോഗം</u>**

*360 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽച്ചൂട് വർദ്ധിക്കുന്നതോടൊപ്പം വൈദ്യുതി ഉപഭോഗവും വർദ്ധിക്കുന്നത് കണക്കിലെടുത്ത് തടസ്സമില്ലാതെ വൈദ്യുതി വിതരണം സാധ്യമാക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ വേനൽക്കാലത്തെ വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റായിരുന്നുവെന്ന് അറിയിക്കുമോ; ഈ വേനൽക്കാലത്ത് ഇത് എത്രയായി ഉയരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വേനൽക്കാലത്തെ വൈദ്യുതി ഉപഭോഗം പരിഗണിച്ച് അധിക വൈദ്യുതി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; കേന്ദ്രത്തിൽ നിന്നും അധിക വൈദ്യുതി ലഭിക്കുമോ; വ്യക്തമാക്കുമോ;

(ഡി) കേന്ദ്രത്തിൽ നിന്നും ആവശ്യമുള്ള വൈദ്യുതി ലഭിക്കാതെ വന്നാൽ സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി എന്തൊക്കെ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 മാർച്ച് 9, ഞായർ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].